**No.CEE/4383/2014/KEAM-2015/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ – 2015
## SEBC / OEC സംവരണത്തിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവായി

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷിക്കുന്ന സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)/ മറ്റർഹ സമുദായങ്ങൾ (OEC) എന്നീ വിഭാഗങ്ങൾക്കുള്ള സംവരണത്തിന് അർഹരായ വിദ്യാർത്ഥികൾ പ്രവേശനപ്പരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം തഹസീൽദാരിൽ കുറയാത്ത റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ SEBC/OEC വിഭാഗക്കാർക്കുള്ള സംവരണത്തിനായി പരിഗണിക്കപ്പെടുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതിയാകും. മേൽ സർക്കാർ ഉത്തരവ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വഭാഗങ്ങളിലെ (SEBC) ക്രീമിലെയർ വിഭാഗത്തെ നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെബ്സൈറ്റിൽ ലഭ്യമായ 01.01.2015–ലെ 01/2015/BCDD നം. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം ശമ്പളത്തിൽ നിന്നുള്ള വരുമാനമോ, കൃഷിയിൽ നിന്നുള്ള ആദായമോ കണക്കിലെടുക്കാതെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കണക്കാക്കുമ്പോൾ ആറ് ലക്ഷം രൂപയിൽ കൂടുത ലാകുകയോ, തുടർച്ചയായ മൂന്നു വർഷങ്ങളിലെ സമ്പത്ത്, വെൽത്ത് ടാക്സ് ആക്ട് പ്രകാരമുള്ള ഇളവ് പരിധിക്കു മുകളിലായി വന്നാലോ അവരെ ക്രീമിലെയർ വിഭാഗമായി കണക്കാക്കുന്നതാണ്. ഭരണഘടനാ പദവികൾ വഹിക്കുന്നവർ, കേന്ദ്ര/സംസ്ഥാന സർവ്വീസിലെ ക്ലാസ് I / ഗ്രൂപ്പ് A ഓഫീസർമാർ എന്നിവരുടെ മക്കൾ ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന സർവ്വീസിലെ ക്ലാസ് II / ഗ്രൂപ്പ് B ഓഫീസർമാരായ മാതാപിതാക്കൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ തത്തുല്യ പദവിയിലുള്ളവർ, സൈനിക/അർദ്ധസൈനിക വിഭാഗങ്ങളിലെ കേണൽ അഥവാ തത്തുല്യ പദവിയിലോ അതിനുമുകളിലോ ഉള്ളവർ, മൊത്ത വാർഷിക വരുമാന പരിധി അല്ലെങ്കിൽ വെൽത്ത് ടാക്സ് ആക്ട് പ്രകാരമുള്ള ഇളവ് പരിധിക്കു മുകളിൽ വരുന്ന വിവിധ പ്രൊഫഷണ ലുകൾ/വ്യാപാരികൾ/ വ്യവസായികൾ, അഞ്ച് ഹെക്ടറോ അതിനുമുകളിലോ കൃഷിയിടം അല്ലെങ്കിൽ തോട്ടം ഉള്ളവർ എന്നിവരുടെ മക്കളും ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നു. വിശദവും, പൂർണവുമായ വിവരങ്ങൾക്ക് 01.01.2015 ലെ ഇതു സംബന്ധിച്ച സർക്കാർ ഉത്ത രവ് കാണുക.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.01.2015